## കൂടാരവിരുന്ന്—വെളിപാട്

### I. കൂടാരവിരുന്നായി നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കുവാൻ കഴിയും

- ➢ പെസഹാ വിരുന്ന് (യോഹ. 6) ക്രിസ്തുവിനെ നൈതികമായുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പ്രാരംഭമായും, കൂടാര വിരുന്ന് (യോഹ. 7) ക്രിസ്തുവിനെ ജൈവികമായുള്ള ദൈവത്തിന്റെ പൂർണ രക്ഷയുടെ പരിണതിയായും സൂചിപ്പിക്കുന്നു
- ➢ മരുഭൂമിയിലുള്ള തങ്ങളുടെ അലച്ചിലിൽ തങ്ങളുടെ പൂർവപിതാക്കന്മാർ കൂടാരങ്ങളിൽ ജീവിച്ചിരുന്നുവെന്ന തിന്റെ ഓർമ്മപ്പെടുത്തൽ
- ➢ ഒത്തുച്ചേരുന്നത് സമന്വയനത്തിന്റെ ഒരു യഥാർഥ ചിത്രമാണ്
- ➢ കൂടാരവിരുന്നിന്റെ യാഥാർഥ്യം, നാം ദൈവത്തെ എങ്ങനെ അനുഭവിച്ചു എന്നതിന്റെയും, ദൈവം എങ്ങനെ നമ്മോടുകൂടെ ജീവിച്ചു എന്നതിന്റെയും ഓർമ്മയിലുള്ള ആസ്വാദനത്തിന്റെ ഒരു സമയമാണ്
- ➢ നമ്മുടെ സംഘാത കൂടിവരവിൽ ഇന്ന് കൂടാരവിരുന്നായി നാം ക്രിസ്തുവിനെ ആസ്വദിക്കുന്നത്, നാം ഇപ്പോഴും മരുഭൂമിയിലാണെന്നും നിത്യകൂടാരമായ പുതിയ യെരൂശലേമിന്റെ വിശ്രമത്തിലേക്ക് നാം പ്രവേശിക്കേണ്ടതാവശ്യമാണെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു
- ➢ പുതിയ യെരൂശലേമിന്റെ ആസ്വാദനമാണ് കൂടാരവിരുന്ന്, അത് ജയാളികൾക്കുള്ള ഒരു പ്രതിഫലമായി സഹസ്രാബ്ദ രാജ്യത്തിലും, അതിനുശേഷം എല്ലാ വിശ്വാസികൾക്കും പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമായിരിക്കും
  - ക്രിസ്തുവിനെ നമ്മുടെ ജീവനായും സഭയെ നമ്മുടെ ജീവിതമായും എടുത്തുകൊണ്ട് നാം യാഗപീഠത്തിന്റെയും (നമ്മുടെ ജീവിതം ദൈവത്തിനുവേണ്ടിയുള്ളതാണെന്നും, ദൈവം നമ്മുടെ ജീവനാണെന്നും, നമ്മുടെ ജീവിതത്തിന്റെ അർഥം ദൈവമാണെന്നും), കൂടാരത്തിന്റെയും (നാം ഈ ലോകത്തിനുള്ളവരല്ല, നാം മറ്റൊരു രാജ്യത്തിനുള്ളവരാണെന്നതിന്റെ ഒരു ആവിഷ്കാരം, ഒരു പ്രഖ്യാപനം) ജീവിതം നയിക്കണം
  - സഭാജീവിതമായ ബഥേൽ (ദൈവത്തിന്റെ ഭവനം) മാത്രമാണ് ലാഭകരം; ബാക്കിയെല്ലാം അവശിഷ്ടങ്ങളുടെ കൂമ്പാരമാണ് (ഹായി)
  - കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് യാഗപീഠത്തിലേക്കും കൂടാരത്തിലേക്കും മടങ്ങി വരുന്ന വിഷയമാണ് പ്രത്യുദ്ധാരം
  - അബ്രാഹാമിനെ പോലെ ഒടുവിൽ നാം ഹെബ്രോനിൽ കൂടാരമടിക്കണം
  - അന്യനും പരദേശിയുമായ അബ്രാഹാം, "ദൈവം ശില്പിയും നിർമ്മാതാവുമായ അടിസ്ഥാനങ്ങളുള്ള നഗരത്തിനായി ആകാംക്ഷയോടെ കാത്തിരുന്നു"
  - അബ്രാഹാമിന്റെ കൂടാരം ആത്യന്തികമായ ദൈവത്തിന്റെ കൂടാരമായ, ആത്യന്തിക കൂടാരമായ പുതിയ യെരൂശലേമിന്റെ ഒരു ചെറുപതിപ്പ് ആയിരുന്നു
  - സഭാജീവിതത്തിന്റെ "കൂടാരത്തിൽ" നാം ജീവിക്കുമ്പോൾ, അതിന്റെ ആത്യന്തികമായ പരിണതിക്കായി—പുതിയ യെരൂശലേം എന്ന ആത്യന്തിക "സമാഗമകൂടാര"ത്തിനായി നാം കാത്തിരിക്കുന്നു

## കൂടാരവിരുന്നായി ക്രിസ്തുവിനെ അനുഭവമാക്കുവാനുള്ള മാർഗ്ഗം—ജീവൻ-നൽകുന്ന ആത്മാവ്

### II. ജീവൻ പകരുവാനും ജീവജലത്തിന്റെ നദികളായി പുറത്തേക്ക് ഒഴുകുന്നതിന് തന്റെ വിശ്വാസികളിലേക്ക് പ്രവേശിക്കുവാനും ഒടുക്കത്തെ ആദാമായ ക്രിസ്തു അവന്റെ പുനരുത്ഥാനത്തിലൂടെയും പുനരുത്ഥാനത്തിലും ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു

- ➢ ജീവൻ-നൽകുന്ന ആത്മാവ് പരിണതിപ്രാപിച്ച ആത്മാവാണ്, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ പരിണതിയാണ്
  - ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നീ പ്രക്രിയകളിലൂടെ (വ്യവസ്ഥാപരമായി) കടന്നുപോയതിനുശേഷമുള്ള ത്രിയേക ദൈവമാണ് പരിണതിപ്രാപിച്ച ആത്മാവ്
  - കർത്താവായ യേശു ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതിനുമുമ്പ്, പരിണതിപ്രാപിച്ച ആത്മാവ് "അതുവരെ ഇല്ലായിരുന്നു"
    - ○ കർത്താവായ യേശു ഉയിർത്തെഴുന്നേറ്റപ്പോൾ തേജസ്കരിക്കപ്പെടുകയും, ഈ തേജസ്കരണത്തിലൂടെ ദൈവത്തിന്റെ ആത്മാവ് ജഡാവതാരം ചെയ്യപ്പെട്ടവനും, ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനുമായ യേശു ക്രിസ്തുവിന്റെ ആത്മാവായിത്തീരുകയും ചെയ്തു
- ➢ പരിണതിപ്രാപിച്ച ആത്മാവ് ശിഷ്യന്മാരിലേക്ക് വിശുദ്ധ ശ്വാസമായി ഊതപ്പെട്ടു
- ➢ ജീവൻ-നൽകുന്ന ആത്മാവ് അതിന്റെ ചേരുവകളോടുകൂടിയ സംയുക്ത അഭിഷേക തൈലത്താൽ മുൻകുറിക്കപ്പെടുന്ന സംയുക്ത ആത്മാവാണ്
  - ഒലിവെണ്ണ ദിവ്യത്വത്തോടുകൂടെയുള്ള ദൈവത്തിന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു.
  - മൂറ് ക്രിസ്തുവിന്റെ വിലയേറിയ മരണത്തെ സൂചിപ്പിക്കുന്നു.
  - ലവംഗം ക്രിസ്തുവിന്റെ മരണത്തിന്റെ മാധുര്യത്തെയും ഫലപ്രാപ്തിയെയും സൂചിപ്പിക്കുന്നു.
  - വയമ്പ് ക്രിസ്തുവിന്റെ വിലയേറിയ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു.
  - വഴനത്തൊലി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വികർഷിക്കുന്ന ശക്തിയെ സൂചിപ്പിക്കുന്നു.
- ➢ ജീവൻ-നൽകുന്ന ആത്മാവ്, വിശ്വാസികളുടെ ചയാപചയപരമായ രൂപാന്തരത്തിനുവേണ്ടിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചയ്ക്കും കെട്ടുപണിക്കുംവേണ്ടിയുമുള്ള ശ്വാസക്രിസ്തുവായ, കർത്താവായ ആത്മാവാകുന്നു
- ➢ സാധാരണ ക്രിസ്തീയ ജീവിതം ആത്മാവിനെ നാം അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു